**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 468**      **24-03-2025 - ൽ മറുപടിയ്ക്ക്**

**മദ്യനിർമ്മാണ യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2024-25 വർഷത്തെ പുതിയ മദ്യനയപ്രകാരം സംസ്ഥാനത്ത് മദ്യശാലകളുടെ എണ്ണം കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | 2024-25 വർഷത്തെ മദ്യനയം പ്രഖ്യാപിച്ചിട്ടില്ല. 2023-2024 വർഷത്തെ മദ്യനയം ആണ് ഇപ്പോൾ തുടർന്ന് വരുന്നത്. സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലാത്തതിനാൽ മദ്യവർജ്ജനത്തിൽ ഊന്നിയ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തി കുറച്ച് കൊണ്ട് വരുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത മദ്യനയം. പൊതുജനങ്ങളിൽ മദ്യത്തിന്റെ ഉപഭോഗത്തിനെതിരെ ബോധവൽക്കരണം നടത്തി ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | പ്രസ്തുത നയപ്രകാരം സംസ്ഥാനത്ത് പുതിയ മദ്യനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ? | (ബി) | 2023-24 വർഷത്തെ മദ്യനയത്തിൽ സംസ്ഥാനത്ത് മദ്യ ഉത്പാദനത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ (ENA) കേരളത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുമെന്നും, ആയതിന് തയ്യാറാകുന്ന ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾക്കും അനുമതി നൽകുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ മദ്യനിർമ്മാണ യൂണിറ്റുകൾ ആരംഭിയ്ക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ നിലവിലുള്ള അബ്കാരി ചട്ടങ്ങളുടെയും, അബ്കാരി നയങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് നയപരമായ തീരുമാനം കൈക്കൊള്ളുകയാണ് ചെയ്യുന്നത്. പാലക്കാട് ജില്ലയിൽ Oasis Commercial Private Limited എന്ന സ്ഥാപനത്തിന് മദ്യനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ